(ഇ) 14-6-1984-ൽ അന്നത്തെ കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രി കേരളം സന്ദർശിച്ചപ്പോൾ സംസ്ഥാനസർക്കാർ അദ്ദേഹത്തിനു സമർപ്പിച്ച നിവേദനത്തിലൂടെ ഈ ലൈനിന്റെ കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി.

വിഭവലഭ്യതയുടെ അപര്യാപ്തതമൂലം നിലവിലുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനാണ് പ്രാധാന്യം കൊടുത്തിട്ടുള്ളതെന്നും പുതിയ ലൈനുകൾ ഏറ്റെടുക്കുന്ന കാര്യം തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ലെന്നും കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

കരിനിലമേഖലയെ പ്രത്യേക കാർഷികമേഖലയാക്കാൻ നടപടി

204 [220] ശ്രീ. വി. ദിനകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ, പുറക്കാട്, തകഴി, കരുവാറ്റ എന്നീ പഞ്ചായത്തുകളിൽ വ്യാപിച്ചുകിടക്കുന്ന കരിനിലമേഖലയെ ഒരു പ്രത്യേക കാർഷിക മേഖലയാക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ സമീപനം എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഈ കരിനിലമേഖലയിലെ വിവിധ കർഷക സംഘടനകളുടേയും രാഷ്ട്രീയപ്പാർട്ടികളുടേയും നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്.

(ബി) കരിനിലമുൾപ്പെടെയുള്ള കുട്ടനാടൻ മേഖലയ്ക്കുവേണ്ടി, ഡച്ചു സഹായത്തോടെ ഒരു ജലസന്തുലന പഠനം നടത്തുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും ചെയ്തുകഴിഞ്ഞു. ആ പഠനം പൂർത്തിയായശേഷമേ വ്യക്തമായ എന്തെങ്കിലും തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

കാറ്റുവീഴ്ച, വേരുചീയൽ എന്നിവമൂലം നശിച്ചുപോയ തെങ്ങുകൾ

205 [221] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 4 വർഷങ്ങളിലായി കേരളത്തിൽ കാറ്റുവീഴ്ച, വേരുചീയൽ എന്നീ രോഗങ്ങൾകാരണം നശിച്ചുപോയ തെങ്ങുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) രോഗംമൂലം നശിച്ചുപോയ തെങ്ങുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly